**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 370** **29-10-2021 - ൽ മറുപടിയ്ക്ക്**

**ജലജീവൻ മിഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. കുറുക്കോളി മൊയ്തീൻ | | **Shri Roshy Augustine**<br>**(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ജലജീവൻ മിഷൻ വഴി കുടിവെള്ള കണക്ഷൻ നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ലളിതമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് ജലജീവൻ മിഷൻ വഴി ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകുന്നതിന് ലളിതമായ നടപടിക്രമങ്ങളാണ് നോഡൽ ഏജൻസിയായ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചിട്ടുള്ളത്. കണക്ഷൻ നല്കുന്നതിനാവശ്യമായ തിരിച്ചറിയൽ രേഖ (അധാർ/ രജിസ്ട്രേഡ് മൊബൈൽ നമ്പർ) ബന്ധപ്പെട്ട കേരള വാട്ടർ അതോറിറ്റി / ജലനിധി (KRWSA) / ഭൂജല വകുപ്പ് ഉദ്യോഗസ്ഥർ ഉപഭോക്താക്കളുടെ വീട്ടുകളിലെത്തി നേരിട്ട് പരിശോധിച്ച് പ്രസ്തുത വിവരങ്ങൾ കേരള വാട്ടർ അതോറിറ്റി ഇതിനായി വികസിപ്പിച്ചിട്ടുള്ള മൊബൈൽ ആപ്പിൽ രേഖപ്പെടുത്തി കണക്ഷൻ നൽകുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. കണക്ഷൻ നൽകിക്കഴിഞ്ഞാൽ പ്രസ്തുത കണക്ഷൻ ആധാർ നമ്പർ സഹിതം നൂതന സാങ്കേതിക വിദ്യ വഴി മൊബൈൽ അപ്ലിക്കേഷൻ ഉപയോഗിച്ച് ജിയോ-ടാഗ് ചെയ്യുന്നുണ്ട്. ഇതിനായി ഉപഭോക്താവ് ആഫീസിൽ നേരിട്ട് ഹാജരാകുകയോ, അപേക്ഷ/ പ്ലാൻ എന്നിവ സമർപ്പിക്കുകയോ ചെയ്യേണ്ടതില്ല. |
| (ബി) | പ്രസ്തുത പദ്ധതി വഴി എത്ര ലക്ഷം പേർക്ക് കണക്ഷൻ നൽകാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ? | (ബി) | 2024 ഓടുകൂടി എല്ലാ ഗ്രാമീണ ഭവനങ്ങളിലും ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകുവാനാണ് ജലജീവൻ മിഷൻ പദ്ധതി വഴി ലക്ഷ്യമിട്ടിട്ടുള്ളത്. കേരളത്തിൽ ആകെയുള്ള 70 ലക്ഷം ഗ്രാമീണ ഭവനങ്ങളിൽ 01.04.2020 വരെ 17.5 ലക്ഷം കുടുംബങ്ങളിലാണ് ടാപ്പ് വഴി കുടിവെള്ളം ലഭ്യമാക്കിയിരുന്നത്. 2020-21 ൽ 4 ലക്ഷവും, 2021-22 ൽ (21.10.2021 വരെ) 4.17 ലക്ഷം കുടിവെള്ള കണക്ഷനുകൾ ജലജീവൻ മിഷൻ പദ്ധതി വഴി നൽകുവാൻ കഴിഞ്ഞിട്ടുണ്ട്. ബാക്കിയുള്ള കുടുംബങ്ങൾക്ക് കൂടി കുടിവെള്ള കണക്ഷൻ നൽകി 2024 ഓടെ 100% ഗ്രാമീണ ഭവനങ്ങൾക്കും കുടിവെള്ളം ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. 0 |

സെക്ഷൻ ഓഫീസർ